# Worldlines[1], Interactions – ശ്രീകൃഷ്ണ 1972-77

എ. ഹരീന്ദ്രനാഥ്[2]

**ആചാര്യാത് പാദമാദത്തേ പാദം ശിഷ്യഃ സ്വമേധയാ**
**പാദം സബ്രഹ്മചാരിഭ്യഃ പാദം കാലക്രമേണ ച**

### ഭൂതം

ഓർമ്മ വെച്ചപ്പോഴേ വ്യാസമഹാഭാരതം ഉള്ളിലുണ്ടായിരുന്നു. സ്കൂളിൽ ചെറിയ ക്ലാസ്സുകളിൽ സാഹിത്യത്തിലായിരുന്നു കമ്പം. അഞ്ചാം ക്ലാസ്സ് പകുതിയോടെ ഗുരുവായൂർ പരിസരത്ത് എത്തിച്ചേർന്നപ്പോൾ, ശ്രീകൃഷ്ണ ഹൈസ്കൂൾ അധ്യാപകനും അച്ഛന്റെ പഴയ സുഹൃത്തുമായിരുന്ന രാധാകൃഷ്ണൻ മാസ്റ്ററുമായുള്ള സമ്പർക്കം, അത് ഊട്ടിവളർത്തി. ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ സാഹിത്യസമിതിയുടെ ഒരു വാർഷികയോഗത്തിലാണ് കോവിലനെ ആദ്യമായി കാണുന്നതും കേൾക്കുന്നതും. ഹൈസ്കൂളിൽ പഠിയ്ക്കുന്ന കാലത്ത് വ്യാസോച്ഛിഷ്ടങ്ങളായ മൂന്നു കവിതകൾ മാതൃഭൂമിയിൽ പ്രസിദ്ധപ്പെടുത്തി. ഇവയിൽ രണ്ടെണ്ണം കവിതാമത്സരത്തിൽ ഒന്നാം സമ്മാനം നേടിയിരുന്നു. ശ്രീകൃഷ്ണ ഹൈസ്കൂളിലുള്ളപ്പോൾത്തന്നെ കെ. വി. രാമകൃഷ്ണൻ, കോവിലൻ, കുമ്മിണി വാസുദേവൻ നമ്പൂതിരി, മാടമ്പ് കുഞ്ഞുകുട്ടൻ തുടങ്ങിയവരെ പരിചയപ്പെടുവാൻ ഇത് കാരണമായി..

### വർത്തമാനം

National Merit Scholarship നിലനിർത്തുവാൻ എളുപ്പം first group ആണെന്നു തോന്നിയതിനാൽ Pre degreeക്ക് ശ്രീകൃഷ്ണയിൽ ഫസ്റ്റ് ഗ്രൂപ്പിൽ ചേർന്നു. ഭട്ടതിരി മാഷ് (Nenmini Parameswaran Neelakandhan Bhattathirippad) ആയിരുന്നു physics അധ്യാപകൻ. ക്ലാസ്സ് തുടങ്ങി കുറച്ചു ദിവസം കഴിയുമ്പോൾ, മാത്സ് പഠിപ്പിച്ചിരുന്ന ബാലസുബ്രഹ്മണ്യം മാഷ് (Trichur Seetharaman Balasubrahmanyam) ക്ലാസ്സിൽ വന്ന് ബോർഡിൽ എഴുതി – 1972 Pree Degree Third Rank കോളേജിൽ first groupൽ പഠിച്ച എ. പുരുഷോത്തമൻ (എന്റെ ജ്യേഷ്ഠൻ). Fourth Rankഉം ശ്രീകൃഷ്ണയിൽ തന്നെ – second groupൽ പഠിച്ച എം. എൻ. കൃഷ്ണൻ. ഇവർക്ക് തമ്മിലുള്ള മാർക്ക് വ്യത്യാസം വെറും ഒന്നു് (1) മാത്രം. കോളേജിനു് വലിയ അഭിമാനം.




L: N.P. Neelakandhan Bhattathirippad,
R: T.S. Balasubrahmanyam

കുറച്ചു കാലത്തിനുശേഷം ലൈബ്രറിയിൽ വെച്ചു കണ്ടു: സഹപാഠികളിൽ ചിലർ (ഗോപി, ഹരിമുകുന്ദൻ, …) ഒരു application എഴുതുന്നു – കാര്യം ചോദിച്ച് മനസ്സിലാക്കി: SSLC പരീക്ഷയുടെ മാർക്ക് മാത്രം അടിസ്ഥാനമാക്കി Post & Telegraph Dept.ൽ ജോലി കിട്ടാൻ സാധ്യതയുണ്ട്. താമസിച്ചില്ല, ഞാനും അയച്ചു ഒരു application.

പ്രീ ഡിഗ്രിയ്ക്കു പഠിക്കുമ്പോൾ എഴുതിയ *സഗരപുത്രന്മാർ* ആണു് മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ച അവസാനത്തെ കവിത. പത്തിലേറെ വർഷങ്ങൾക്കു ശേഷം 1987 ജൂൺ 10നു്

---

[1] A worldline is a curve in space-time joining the positions of a particle throughout its existence.
[2] harindranath.avaroth@gmail.com

എഴുതിയ ഒരു കത്തിൽ കോവിലൻ: *... രണ്ടു ദിവസം മുമ്പ് ചെറിയ ഒരു സദസ്സിൽ ഹിരണ്യ നെ കണ്ടു: സാഹിത്യത്തിൽ സജീവത (activism) എന്നും പറഞ്ഞ് ഒരു ചർച്ച. വൃദ്ധനായിട്ടും ഏറ്റവും പുതിയ സംരംഭകരുടെ കൂടെ ഞാൻ നിൽക്കുന്നു. ചർച്ചയിൽ ഹരീന്ദ്രനാഥ് എന്ന കവിയും പരാമർശിക്കപ്പെട്ടു: സഗരപുത്രന്മാർ. ....*

One Two Three ... Infinity, The Universe and Doctor Einstein തുടങ്ങിയ പുസ്ത കങ്ങൾ പരിചയിക്കുന്നത് അക്കാലത്താണ്. കൂട്ടത്തിൽ കുട്ടികൃഷ്ണമാരാരുടെ ശാസ്ത്രവും സയൻസും എന്ന പുസ്തകവും. അന്നൊക്കെ മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൽ ശാസ്ത്രസംബന്ധ മായ ആധികാരിക ലേഖനങ്ങളും വന്നിരുന്നു. ഇതെല്ലാം physics ആഴത്തിൽ പഠിക്കണമെന്ന ഒരു മോഹത്തിലേക്ക് നയിച്ചു. അതുകൊണ്ട്, Pre degreeക്കു ശേഷം സ്വാഭാവികമായും B. Sc physicsന് തന്നെ ചേർന്നു. B. Scക്കു പഠിയ്ക്കുമ്പോഴാണ് Head of the Department ആയിരുന്ന ശ്രീ പി. രാധാകൃഷ്ണമേനോൻ ജോലിയിൽ നിന്നു വിരമിക്കുന്നതും ശ്രീ എൻ. പി. നീലകണ്ഠൻ ഭട്ടതിരിപ്പാട് ആ സ്ഥാനമേൽക്കുന്നതും.

B. Sc.ക്ക് ചേർന്ന് ഒരു വർഷം പൂർത്തിയാക്കുന്നതിനു കുറേ മുമ്പ് തന്നെ P & Tയിൽ നിന്നു് അറിയിപ്പ് വന്നു – ജോലിക്ക് selection കിട്ടിയിരിക്കുന്നു. അന്നു് ചാവക്കാട് പോസ്റ്റ് മാസ്റ്ററായിരുന്ന അച്ഛൻ (B.A. in English) പറഞ്ഞു: ഒരു ഡിഗ്രി കൈയ്യിലുണ്ടാവുന്നത് എ പ്പോഴും നല്ലതാണ്. അപേക്ഷിച്ചാൽ joining date extend ചെയ്തുകിട്ടും. അപേക്ഷിച്ചു; extension കിട്ടി. ഡിഗ്രി കഴിയുവോളം. പഠിപ്പിനെക്കുറിച്ചോ, പരീക്ഷകളെക്കുറിച്ചോ, ഒരു ഉത്കണ്ഠയുമില്ലാതിരുന്നതിനാൽ, കൂട്ടിനു് പറ്റിയ സഹപാഠികളുണ്ടായിരുന്നതിനാൽ – B. Sc.യുടെ മൂന്നുവർഷങ്ങൾ ജീവിതത്തിലെ ഏറ്റവും ആഹ്ലാദപൂർണ്ണമായ കാലമായിരിന്നു.

B. Sc. final yearൽ എഴുതി, 1977ലെ ശ്രീകൃഷ്ണ കോളേജ് മാഗസിനിൽ പ്രസിദ്ധീ കരിച്ച *ക്ഌപ്തം* ആണു് അവസാനം എഴുതിയ കവിത. Brothers Karamazovലെ ഒരു വാചകം ഉദ്ധരിച്ചുകൊണ്ടാണു് ഈ കവിത തുടങ്ങുന്നത്.

B. Sc. final practical examഉം കഴിഞ്ഞു. അന്നു മറ്റത്താണു് അച്ഛനു് ജോലി. ഇനി വൈകിച്ചുകൂടാ. P & Tയിൽ ചേരാനുള്ള എല്ലാ തെയ്യാറെടുപ്പും പൂർത്തിയാക്കി, തൃശ്ശൂ രിലേയ്ക്ക് ബസ് കയറുവാൻ അനുജൻ കൃഷ്ണദാസിനോടൊപ്പം കൂനംമൂച്ചിയിൽ കാത്തു നിൽക്കുമ്പോൾ, തൃശ്ശൂരിൽ നിന്നു വരുന്ന ബസ്സിൽ നിന്നിറങ്ങുന്ന ബാലസുബ്രഹ്മണ്യം മാഷു ടെ മുമ്പിൽ പെട്ടു. *എങ്ങോട്ടാ?* തൃശ്ശൂരിലേയ്ക്ക് - P & Tയിൽ ചേരാൻ. *നിനയ്ക്ക് B. Sc.ക്ക് Second Rank ഉണ്ട്. M. Sc.ക്ക് ചേരണം. വീട്ടിലേയ്ക്ക് മടങ്ങി പോയ്ക്കോ*

വീട്ടിലെത്തി അച്ഛനോട് പറഞ്ഞു: റാങ്കുണ്ടെന്നു മാഷ് പറഞ്ഞു. M. Sc.ക്ക് പോകണ മെന്നും. ചേരാൻ ഏറ്റവും അടുത്ത് St. Thomas College ആണല്ലോ. അവിടെ apply ചെയ്യുന്നതിനിടയിൽ ശ്രീകൃഷ്ണയുടെ വരാന്തയിൽ ഭട്ടതിരി മാഷെ കണ്ടു. *എവിടെ ചേരാ നാ plan?* St. Thomasൽ. *താൻ തുടർന്ന് പഠിക്കേണ്ടത് തേഞ്ഞിപ്പലത്ത് University Centreൽ ആണ്.*

**ഭവിഷ്യം**

തേഞ്ഞിപ്പലത്ത് യൂനിവേഴ്സിറ്റി സെന്ററിൽ worldlines സന്ധിക്കുന്നു – ഒരു വർഷം സീനിയറായിരുന്ന പത്മനാഭൻ പറയന്താൾ, അധ്യാപകരായിരുന്ന ഡോ. എസ്. സി. കെ. നായർ, ഡോ. ജെ. സി. പാലത്തിങ്കൽ, ...

ഇതിന്റെ തുടർച്ചയായി
സിറ്റി യൂനിവേഴ്സിറ്റി ഓഫ് ന്യൂയോർക്കിൽ ഫിസിക്സ് പി. എച്ച്ഡി വിദ്യാർത്ഥിയായി പഠനം ആരംഭിക്കുവാൻ, 1980ൽ ഒരു ഉച്ച തിരിഞ്ഞ്, ന്യൂയോർക്ക് നഗരത്തിലെത്തിച്ചേർന്നു.

Worldlines വീണ്ടും സന്ധിക്കുന്നു – Carl M. Shakin, James P. Vary, Robert J. Perry, Junko Shigemitsu, Kenneth G. Wilson, ... New York, Iowa, California, Ohio.

1994ൽ ഇന്ത്യയിൽ തിരിച്ചെത്തി Saha Institute of Nuclear Physicsൽ Associate Professor ആയി ജോയിൻ ചെയ്തു. അന്നു മുതൽ എല്ലാ വർഷവും കൃഷ്ണനാട്ടം കളി ഒന്നെങ്കിലും കാണുവാൻ ഗുരുവായുരിലെത്തി. ആ വരവുകളിൽ ഒന്നിൽ ശ്രീകൃഷ്ണ കോളേജ് സംസ്കൃത വിഭാഗം അധ്യാപികയായ ഡോ. ലക്ഷ്മി ശങ്കറെ പരിചയമായി. 2003 ഒക്ടോബർ 10നു് ശ്രീകൃഷ്ണ കോളേജ് ഫിസിക്സ് വിഭാഗം സംഘടിപ്പിച്ച ഏകദിന സെമിനാറിൽ ഒരു പ്രഭാഷണം നടത്തിയിരുന്നു. ഇതിന്റെ സ്ലൈഡുകൾ ഇന്റർനെറ്റിൽ ലഭ്യമാണു്[3]. 2016 നവംബറിലെ retirementനു ശേഷം രാധാകൃഷ്ണൻ മാസ്റ്ററുടെ അടുത്ത്, ഗുരുവായൂരിൽത്തന്നെ തിരിച്ചെത്തി. Dvaipayana Foundationന്റെ പ്രവർത്തനങ്ങളിൽ വ്യാപൃതനായി കഴിയുന്നു. വ്യാസമഹാഭാരതം ഇന്നും കൂട്ടിനു്. ശ്രീകൃഷ്ണ കോളേജ് ഫിസിക്സ്, സംസ്കൃത വിഭാഗങ്ങളോടുള്ള ബന്ധം ഇപ്പോഴും തുടരുന്നു.

ഊർജ്ജതന്ത്രത്തിന്റേയും ഗണിതത്തിന്റേയും ബാലപാഠങ്ങൾ ശ്രീകൃഷ്ണയിൽ നിന്നാണു് ലഭിച്ചതെന്നു് എന്നും ഓർമ്മയിൽ ... **പാദം കാലക്രമേണ ച** മരണം വരെ മനുഷ്യൻ പഠിക്കുന്നു – (കോവിലന്റെ പരിഭാഷ – തട്ടകത്തിൽ നിന്നു്)

**കൃതജ്ഞത**

ഈ കുറിപ്പ് തയ്യാറാക്കുന്നതിനു ആവശ്യമായി വന്നതെല്ലാം നൽകി സഹായിച്ച എൻ. പി. നീലകണ്ഠൻ ഭട്ടതിരിപ്പാട്, എസ്. സൂര്യനാരായണൻ, ലക്ഷ്മി ശങ്കർ, രാധാകൃഷ്ണൻ കാക്കശ്ശേരി, സി. ശ്യാമസുന്ദർ, കെ. എൻ. കൃഷ്ണൻ, ടി. സി. രാജ്കുമാർ, വി. ജെ. തോമസ്, എ. പുരുഷോത്തമൻ, എ. കൃഷ്ണദാസ്, രേവതി വേണു എന്നിവരോട് അളവറ്റ കടപ്പാട്.

പാദത്തിനു് ആചാര്യന്മാരോടും, പാദത്തിനു് സഹപാഠികളോടും. കൂടെ, അറ്റൻഡർമാരോടും.

**അനുബന്ധം**

## Sree Krishna College Guruvayur - B. Sc. Physics (1974-77)

*Teachers*: Gopalakrishnan V., Krishnan Nambuthirippad, P.C., Menon Mohandas, Narayanan P.N., Narayanan V.M., Neelakandhan Bhattathirippad N.P., Radhakrishna Menon P., Suryanarayanan S., Venugopalan V.

*Attenders*: Bhaskaran Nair C., Madhavan Nair, Radhakrishnan P.K, Unnikrishna Kurup

*Students*: Brahmadathan K.N., Davidson C.J., Divakaran P.P., Edwin Mathew P., Francis C.T., George T.C., George V.C., Gopi M., Gopinathan K., Haridasan N., Harindranath A., Ittymani George T., Krishnan K.N., Lakshmanan T.K., Lilly C.L., Mani M.K., Mohd. Shareef M., Purushothaman P.C., Rajachandran K., Rajkumar T.C., Rajendran A.R., Ravi V., Sankaranarayanan P.K., Shashidharan K.G., Shyamasundar C., Siddharthan V.K., Vijayan P.K., Vipin Kumar K.

[3]http://www.saha.ac.in/theory/a.harindranath/talks.html